(ഡി) നേട്ടങ്ങൾ വിശദമായി അനുബന്ധം-2† ൽ കൊടുത്തിട്ടുണ്ട്.

(ഇ) ഉണ്ട്. പദ്ധതി വിശദമായി അനുബന്ധം-3† ൽ കൊടുത്തിരിക്കുന്നു.

8 (*428) കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്താൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമിതി മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിവസങ്ങൾ നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചിരുന്നുവോ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാപ്പെക്സ്, കാഷ്യൂ കോർപ്പറേഷൻ എന്നിവയിലൂടെ ഓരോ വർഷവും എത്ര തൊഴിൽ ദിനങ്ങൾ വീതം നൽകാൻ സാധിച്ചെന്ന് വെളിപ്പെടുത്തുമോ;

(ജി) ആഭ്യന്തര വിപണിയിൽനിന്നും കൂടുതൽ തോട്ടണ്ടി സംഭരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) കാഷ്യൂ കോർപ്പറേഷന്റെ പ്രവർത്തനലാഭം വർദ്ധിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഐ) കോർപ്പറേഷന്റെ വാല്യൂ ആഡഡ് ഉല്പന്നങ്ങളുടെ വിപണനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

---

† അനുബന്ധം III (1-3)
1147/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമിതി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) കമ്മിറ്റി പ്രധാനമായും താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്.

1. കശുമാവ് വികസനത്തിന് വേണ്ടി കശുമാവ് കൃഷി ലാന്റ് സീലിംഗ് ആക്ടിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതു സംബന്ധിച്ച് പഠനം നടത്തുക.
2. ഒരു കാഷ്യൂ റിസർച്ച് ആന്റ് ഡെവല്പമെന്റ് സെന്റർ സ്ഥാപിക്കുക.
3. വിദേശനാണ്യത്തിന്റെ വില വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യക്തമായ മാർക്കറ്റിംഗ് നടപടികൾ സ്വീകരിക്കുക. ആഭ്യന്തരമായി കശുവണ്ടിയുടെ ഉപഭോഗം വർദ്ധിപ്പിക്കുക.
4. ഒരു കാഷ്യൂ ഇൻഡസ്ട്രി പ്രൊട്ടക്ഷൻ ഫണ്ട് രൂപീകരിക്കുക.
5. പർച്ചേയ്സ് ടാക്സ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുക.
6. കാഷ്യൂ പ്രോസസിംഗിന് ആധുനിക നടപടികൾ സ്വീകരിക്കുക.
7. സംഭരണം, പാക്കേജിംഗ് എന്നിവയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക.
8. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുക.
9. കാഷ്യൂ ഡയറക്ടറേറ്റ് രൂപീകരിക്കുക.

(ഡി) റിപ്പോർട്ടിലെ വിവിധ ശുപാർശകളിൻമേൽ റവന്യൂ വകുപ്പ്, തൊഴിൽ വകുപ്പ്, നികുതി വകുപ്പ് എന്നിവരുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇവരുടെ അഭിപ്രായവും കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടും ലഭിച്ച ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി ലഭ്യമായ എല്ലാ സ്ഥലങ്ങളിലും കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ഉത്തരവ് ഇതിനകം തന്നെ നൽകിക്കഴിഞ്ഞു.

(ഇ) കൂടുതൽ തൊഴിൽ നൽകുന്നതിന് 5 ലക്ഷം എം.ടി. കശുവണ്ടി സംഭരിക്കുകയോ ഉല്പാദിപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്. അടുത്ത 5 വർഷത്തേക്ക് 10 ലക്ഷം എം.ടി (മെട്രിക്ടൺ) ഉല്പാദിപ്പിക്കുന്നതിനോ സംഭരിക്കുന്നതിനോ ലക്ഷ്യമായിട്ടുള്ള പരിപാടികളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിരിക്കുന്നത്.

(എഫ്) വിവരം താഴെ കൊടുക്കുന്നു.

കാപ്പെക്സ്	കശുവണ്ടി വികസന കോർപ്പറേഷൻ
1996 - 40	1996 - 18
1997 - 81	1997 - 60
1998 - 40	1998 - 80
1999 - 125	1999 - 140

LIBRARY ARCHIVES Kerala Legislative Assembly

(ജി) കശുവണ്ടി വികസന കോർപ്പറേഷൻ കേരളത്തിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുവേണ്ടി, കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നിവടങ്ങളിൽ ഡിപ്പോകൾ തുറന്നും, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിലെ തോട്ടണ്ടി കോർപ്പറേഷന്റെ ഫാക്ടറികളായ ഇരിങ്ങാലക്കുട, കൊട്ടിയം എന്നിവിടങ്ങളിലും സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാപ്പെക്സ് കണ്ണൂർ ജില്ലയിൽ രണ്ട് യാഡുകൾ തുടങ്ങുന്നതിനും മാർക്കറ്റുവില അനുസരിച്ച് തോട്ടണ്ടി സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കാപ്പെക്സിന്റെ കീഴിലുള്ള മറ്റ് ഫാക്ടറികളിലും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എച്ച്) ഗവൺമെന്റ് തലത്തിൽ കൺസോർഷ്യം ബാങ്കുകളുമായി ചർച്ച നടത്തി അവയുടെ വായ്പാ പരിധി ഉയർത്തുകയും തൻമൂലം അധിക പ്രവർത്തന മൂലധനം കോർപ്പറേഷന് ലഭ്യമാക്കാനും കഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനങ്ങളിൽ ഏകദേശം 133 കോടി രൂപ അനുവദിച്ചു. കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിന് 5 കോടി രൂപ അനുവദിച്ചു.

1/2/88 മുതൽ ഈ സർക്കാർ അധികാരത്തിൽ വന്ന 21/5/96 വരെയുള്ള കാലയളവിൽ ഉണ്ടായിരുന്ന 86.1250 കോടി രൂപയുടെ ലോണുകൾ മൂലധനമായി മാറ്റുകയും ഇതിന്റെ പലിശയും പിഴപ്പലിശയും 39.5966 കോടി രൂപ എഴുതിത്തള്ളുകയും ചെയ്തു. തന്മൂലം കൂടുതൽ ബാങ്ക് വായ്പ ലഭ്യമാക്കാനും കൂടുതൽ ദിവസം തൊഴിലാളികൾക്ക് തൊഴിൽ നൽകാനും കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.

(ഐ) കമ്പനി 7/3/2000 വരെ 2745.44 കി.ഗ്രാം മൂല്യവർദ്ധിത ഉല്പന്നം ഉല്പാദിപ്പിച്ച് വിപണനം നടത്തിയിട്ടുണ്ട്.

9 (*429) "പ്രകൃതിക്ഷോഭംമൂലം ഉണ്ടായിട്ടുള്ള കൃഷിനാശം"

<u>ശ്രീമതി എൻ.കെ. രാധ</u> :
<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> :
<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> :
<u>ശ്രീ. പിരപ്പൻകോട് മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തികവർഷം പ്രകൃതിക്ഷോഭംമൂലം ഉണ്ടായിട്ടുള്ള കൃഷിനാശത്തെ സംബന്ധിച്ച് സർക്കാർ കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷിനാശംമൂലം എത്ര കോടി രൂപയുടെ വിളവുകൾ നശിച്ചുപോയതായി റിപ്പോർട്ട് നൽകിയിട്ടുണ്ട്;

(സി) സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് തുകയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) കൃഷിക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly